## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2829.** **06.02.2018 ൽ മറുപടിയ്ക്ക്**

## അമരവിള എക്സൈസ് ഓഫീസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.ആൻസലൻ | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ അമരവിള എക്സൈസ് ഓഫീസ് ജീർണ്ണാവസ്ഥയിലാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | നെയ്യാറ്റിൻകരയിൽ വിവിധ സ്ഥലങ്ങളിൽ സ്ഥിതി ചെയ്യുന്ന എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ്, റെയിഞ്ച് ഓഫീസ് എന്നിവ അമരവിളയിലേയ്ക്ക് മാറ്റി അവിടെ എക്സൈസ് കോംപ്ലക്സ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | നെയ്യാറ്റിൻകര താലൂക്കിൽ നെയ്യാറ്റിൻകര എക്സൈസ് സർക്കിൾ ഓഫീസും എക്സൈസ് റെയിഞ്ച് ഓഫീസ് അമരവിള, എക്സൈസ് റെയ്ഞ്ച് ഓഫീസ് തിരുപുറം, എക്സൈസ് റെയ്ഞ്ച് ഓഫീസ് നെയ്യാറ്റിൻകര, എക്സൈസ് റെയ്ഞ്ച് ഓഫീസ് കാട്ടാക്കട എന്നീ ഓഫീസുകൾ പ്രവർത്തിച്ച് വരുന്നതും ഓരോ ഓഫീസിനും പ്രത്യേകം അധികാര പരിധി നിശ്ചയിച്ചിട്ടുള്ളതു മാണ്. ആയതിനാൽ അധികാര പരിധി മറികടന്ന് ടി ഓഫീസുകൾ എല്ലാം ഒരു പ്രത്യേക സ്ഥലത്ത് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നത് പ്രായോഗിക ബുദ്ധിമുട്ടുകൾക്ക് ഇടയാക്കും. |
| (സി) | അമരവിള എക്സൈസ് ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് എക്സൈസ് കോംപ്ലക്സ് പണിയുന്നതിനുള്ള ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | അമരവിള റേഞ്ച് ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലങ്ങളിൽ നിന്നും കുറച്ചുഭാഗം ദേശീയപാതയുടെ വികസനത്തിനായി നൽകിയിട്ടുള്ളതും, കൂടാതെ നെയ്യാറ്റിൻകര എക്സൈസ് സർക്കിൾ ഓഫീസ് നിലവിൽ സർക്കാർ കെട്ടിടത്തിലുമാണ് പ്രവർത്തിച്ചു വരുന്നത്. ആയതിനാൽ സ്ഥലപരിമിതി കാരണം എക്സൈസ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി | അമരവിളയിൽ എക്സൈസ് ഓഫീസ് നിർമ്മിക്കുന്നത് 2017-18 ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ? | (ഡി) | അമരവിളയിൽ എക്സൈസ് റേഞ്ച് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി 2017-18 ബഡ്ജറ്റിൽ ഫണ്ട് വകയിരുത്തിയിട്ടില്ലാത്തതിനാൽ ആയതിന്മേൽ നടപടി സ്വീകരിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**